ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:09-04-2025**

## പ്രധാനവാർത്തകൾ

1. **വികസിത ഇന്ത്യക്കായി തദ്ദേശീയ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**

2. **വയനാട്ടിൽ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രം യാഥാർത്ഥ്യമായി. കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് ഉദ്ഘാടനം നിർവ്വഹിച്ചു.**

3. **റിപ്പോ നിരക്ക് 0.25 ശതമാനം കുറച്ച് ആർ ബി ഐയുടെ ധനനയ പ്രഖ്യാപനം.**

4. **വിഴിഞ്ഞം തുറമുഖത്തിന് കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ട് സ്വീകരിക്കാനുള്ള കരാറിൽ ഇന്ന് ഒപ്പുവെയ്ക്കും.**

5. **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് , രാജസ്ഥാൻ റോയൽസ് പോരാട്ടം.**

RNU TVPM

*****************************************

### പ്രധാനമന്ത്രി - വികസിത ഇന്ത്യ

വികസിത ഇന്ത്യക്കായി തദ്ദേശീയ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

ന്യൂഡൽഹിയിൽ നവകർ മഹാമന്ത്ര ദിവസ് സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. തദ്ദേശീയ ഉൽപന്നങ്ങൾ വാങ്ങുന്നതിന് മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കണമെന്നും ഈ ഉൽപ്പന്നങ്ങളെ ആഗോളവൽക്കരിക്കേണ്ടതിന്റെ ആവശ്യകതയും പ്രധാനമന്ത്രി ഊന്നി പറഞ്ഞു.

*****************************************

## ആർ.ബി.ഐ - ധനനയം (ഇൻട്രോ)

റിപ്പോ നിരക്കിൽ മാറ്റം വരുത്തി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. റിപ്പോ 0.25 ശതമാനം കുറച്ച് ആറ് ശതമാനമാക്കിയതായി ആർ.ബി.ഐ ഗവർണർ സഞ്ജയ് മൽഹോത്ര അറിയിച്ചു. നടപ്പു സാമ്പത്തിക വർഷത്തിലെ ആദ്യ യോഗത്തിൽ ആറംഗ കമ്മിറ്റി നിരക്ക് കുറച്ചതിനെ ഏകകണ്ഠമായി അംഗീകരിക്കുകയായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

RNUTVPM

*****************************************

## വയനാട് - പോസ്റ്റ് ഓഫീസ്

വയനാട്ടിൽ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രം യാഥാർത്ഥ്യമായി. കൽപ്പറ്റ ഹെഡ് പോസ്റ്റ് ഓഫീസിൽ കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് ഉദ്ഘാടനം ചെയ്തു. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ, മന്ത്രി OR കേളു തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. തുടക്കത്തിൽ ഓരോ ദിവസവും 50 അപേക്ഷകർക്ക് പാസ്പോർട്ട് സേവാ കേന്ദ്രത്തിൻറെ സേവനം ലഭ്യമാക്കും.

*****************************************

## കോൺക്ലേവ് - മുഖ്യമന്ത്രി

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന വൃത്തി കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ കനകക്കുന്നിൽ കോൺക്ലേവ് വൈകിട്ട് ഉദ്ഘാടനം ചെയ്യും. ഈ മാസം 13 വരെ നടക്കുന്ന കോൺക്ലേവിൽ അറുപത് സെഷനുകളിലായി ഇരുന്നൂറോളം വിദഗ്ദ്ധർ ആശയങ്ങൾ പങ്കുവയ്ക്കും. കോൺക്ലേവിൽ പ്രവേശനം സൗജന്യമാണ്.

*****************************************

## വിഴിഞ്ഞം - കരാർ

വിഴിഞ്ഞം തുറമുഖത്തിന് കേന്ദ്രസർക്കാരിന്റെ 817.80 കോടി രൂപയുടെ വയബിലിറ്റി ഗ്യാപ് ഫണ്ട് സ്വീകരിക്കുന്നതിനുള്ള കരാറിൽ ഇന്ന് ഒപ്പുവെയ്ക്കും. തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ കേന്ദ്രസർക്കാരിന്റെ സാമ്പത്തിക കാര്യ വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുക്കും.

RNU TVPM

*****************************************

## വിഴിഞ്ഞം......(ഇൻട്രോ)

ലോകത്തെ ഏറ്റവും വലിയ ചരക്ക് കപ്പലായ എം എസ് സി തുർക്കി ഇന്ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് എത്തും. ഉച്ചയ്ക്ക് 2.30 ഓടെയാകും കപ്പൽ തീരത്ത് എത്തുക.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

(വോയ്സ്)

*****************************************

## <u>വഖഫ് - മന്ത്രി ജോർജ് കുര്യൻ</u>

വഖഫ് ബില്ലിന് വലിയ പിന്തുണ ലഭിക്കുന്നുണ്ടെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. പ്രതിപക്ഷം പ്രതീക്ഷിച്ച പോലെയുള്ള എതിരഭിപ്രായം ഉണ്ടായില്ലെന്നും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. രാഷ്ട്രീയ പാർട്ടികൾക്ക് സ്വന്തം അഭിപ്രായം പറയാൻ സ്വാതന്ത്ര്യമുണ്ടെന്നും ശ്രീ ജോർജ്ജ് കുര്യൻ വ്യക്തമാക്കി.

*****************************************

## <u>വിഷു, ഈസ്റ്റർ - ചന്ത</u>

സപ്ലൈകോ വിഷു - ഈസ്റ്റർ ഫെയറുകൾ നാളെ ആരംഭിക്കും. തിരുവനന്തപുരം കിഴക്കേക്കോട്ട പഴവങ്ങാടി പീപ്പിൾസ് ബസാറിൽ മന്ത്രി ജി ആർ അനിൽ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കും. കൺസ്യൂമർ ഫെഡിൻറെ വിഷു - ഈസ്റ്റർ സഹകരണ ചന്ത വെള്ളിയാഴ്ച ആരംഭിക്കും.

RNU TVPM

*****************************************

## <u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും......

*****************************************

## <u>ഹാക്കത്തോൺ - XR Creator</u>

ആധുനിക സാങ്കേതിക വിദ്യയായ extended realityയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച XR Creator ഹാക്കത്തോണിന്റെ വിജയികളെ ഇന്ന് പ്രഖ്യാപിക്കും. ഇന്ന് വൈകിട്ട് 3.30 നാണ് പ്രഖ്യാപനം. 2,200 പേരിൽ നിന്ന് 5 പേരെയാണ് തിരഞ്ഞെടുക്കുന്നത്. ആരോഗ്യ സംരക്ഷണം, വിനോദ സഞ്ചാരം, ഡിജിറ്റൽ മീഡിയ, എന്റർറ്റെയിൻമെന്റ്, ഇ-കൊമേഴ്സ് തുടങ്ങി അഞ്ച് മേഖലകളിലാണ് ഹാക്കത്തോൺ

സംഘടിപ്പിച്ചത്. മത്സരത്തിന്റെ അവസാന റൗണ്ടിൽ എത്തിയവരിൽ 19 ശതമാനം സ്ത്രീകളാണ്. വെയ്‌വ്സ് ഉച്ചകോടിയുടെ ഭാഗമായിയാണ് XR Creator ഹാക്കത്തോൺ സംഘടിപ്പിച്ചത്.

**********************************************

## ബോട്ട് ടെർമിനലുകൾ...(ഇൻട്രോ)

കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന മലനാട് മലബാർ റിവർക്രൂസ് പദ്ധതിയുടെ ഭാഗമായി ബോട്ട് ടെർമിനലുകൾ പൂർത്തിയാവുന്നു. Tender നടപടികൾ ഈ മാസം തന്നെ പൂർത്തിയാക്കാനാണ് ലക്ഷ്യം.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ**

**(വോയ്സ്)**

**********************************************

## ഐ.പി.എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, രാജസ്ഥാൻ റോയൽസിനെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

**********************************************

## ആകാശവാണി ശിൽപശാല

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ധനുവച്ചപുരം ഹയർസെക്കൻററി സ്കൂൾ ഓഡിറ്റോറിയത്തിൽ അന്നവും ആരോഗ്യവും ശിൽപശാല സംഘടിപ്പിച്ചു. സി കെ ഹരീന്ദ്രൻ എംഎൽഎ ശിൽപശാല ഉദ്ഘാടനം ചെയ്തു. ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം വിഭാഗം മേധാവി വി.

RNU TVPM

ശിവകുമാർ, അസിസ്റ്റൻറ് ഡയറക്ടർ ശ്രീകുമാർ മുഖത്തല തുടങ്ങിയവർ സന്നിഹിതിരായിരുന്നു. പരിപാടിയുടെ ഭാഗമായി സൗജന്യ മെഡിക്കൽ ക്യാമ്പ്, കാർഷിക മേള, നാടൻപാട്ട് എന്നിവയും സംഘടിപ്പിച്ചു.

*****************************************

## കുംഭമേള - കോഴിക്കോട്

രാജ്യത്തെ ഏറ്റവും പ്രാചീന ജൂനാ അഖാഡയുടെ മഹാമണ്ഡലേശ്വരായി പ്രയാഗ്‌രാജ് കുംഭമേളയിൽ അഭിഷിക്തനായ സ്വാമിജി ആനന്ദവനം ഭാരതി മഹാരാജിന് കോഴിക്കോട് ഇന്ന് സ്വീകരണം നൽകും. ശ്രീകണ്ഠേശ്വരം ക്ഷേത്രം ഹാളിൽ, വൈകീട്ട് 5 മണിക്കാണ് പരിപാടി. രാവിലെ തളി മഹാദേവ ക്ഷേത്രത്തിൽ ദർശനത്തിന് എത്തിയ സ്വാമിജിയെ ക്ഷേത്രം ഭാരവാഹികളും സംഘാടക സമിതി ഭാരവാഹികളും ചേർന്ന് സ്വീകരിച്ചു.

*****************************************

## ആറാട്ട് ഘോഷയാത്ര- വിമാനത്താവളം

പത്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ആറാട്ട് ഘോഷയാത്ര കടന്നു പോകുന്നതിനായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിൽ ഈ വെള്ളിയാഴ്ച വിമാന സർവീസുകൾ നിർത്തിവയ്ക്കും. വൈകിട്ട് 4.45 മുതൽ രാത്രി 9 വരെയാണ് നിയന്ത്രണം.

*****************************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തിൽ. ബോംബെ ഓഹരി സൂചിക സെൻസെക്സ് 342 പോയിന്റ് താഴ്ന്ന് 73,884 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 113 പോയിന്റ് നഷ്ടത്തിൽ 22,422 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണ വിലയിൽ

RNU TVPM

വർധന. പവന് 520 രൂപ ഉയർന്ന് 66,320 രൂപയും ഗ്രാമിന് 8,290 രൂപയുമാണ് ഇന്നത്തെ വില..

****************************************

## എം.ബി രാജേഷ്

ലഹരിക്കെതിരെയുള്ള കേരളത്തിൻറെ പോരാട്ടത്തെ മുന്നിൽ നിന്ന് നയിക്കുന്നത് എക്സൈസ് സേനയാണെന്ന് മന്ത്രി എം.ബി രാജേഷ്. തൃശ്ശൂർ എക്സൈസ് അക്കാദമിയിൽ നിന്നും പരിശീലനം പൂർത്തിയാക്കിയവരുടെ പാസ്സിംഗ് ഔട്ട് പരേഡിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മയക്കുമരുന്നിനെതിരെയുള്ള എക്സൈസിൻറെ 'ഓപ്പറേഷൻ ക്ലീൻ സ്ലേറ്റ്' പ്രത്യേക ഡ്രൈവ് സംസ്ഥാനത്ത് പുരോഗമിക്കുകയാണ്.

****************************************

## സസ്പെൻഡ്

കൊല്ലം പത്തനാപുരത്ത് മദ്യപിച്ച് പോലീസ് ജീപ്പ് ഓടിച്ച സംഭവത്തിൽ ഗ്രേഡ് എസ്. ഐ. യെയും, ഡ്രൈവറെയും സസ്പെൻഡ് ചെയ്തു. വകുപ്പ്തല അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് സസ്പെൻഷൻ.

****************************************

## കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ്

യുവജന ബോർഡും സ്പോർട്സ് കളരിപ്പയറ്റ് അസോസിയേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന സംസ്ഥാന കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പിന് വെള്ളിയാഴ്ച തുടക്കമാകും. മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. രണ്ട് ദിവസത്തെ ചാമ്പ്യൻഷിപ്പിന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലെ ബാസ്ക്കറ്റ് ബോൾ കോർട്ടാണ് വേദിയാകുന്നത്.

****************************************

RNUTVPM

## വോളിബോൾ

കൊച്ചി വെല്ലിങ്ടൺ ഐലൻഡിൽ ആരംഭിച്ച അഖിലേന്ത്യ മേജർ പോർട്ട്സ് വോളിബോൾ, ബീച്ച് വോളിബോൾ ചാമ്പ്യൻഷിപ്പ് കൊച്ചിൻ പോർട്ട് അതോറിറ്റി ചെയർമാൻ കാശി വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു.120 ഓളം താരങ്ങൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നുണ്ട്.

*****************************************

## ടാറിംഗ് പ്രവൃത്തികൾ

കാസർഗോഡ് ചിറ്റാരിക്കാൽ-ഭീമനടി റോഡിൽ ടാറിംഗ് പ്രവൃത്തികൾ ഇന്ന് ആരംഭിക്കുന്നതിനാൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ടാറിംഗ് അവസാനിക്കുന്നത് വരെ ഈ നിയന്ത്രണം തുടരുമെന്ന് റോഡ് ഫണ്ട് ബോർഡ് അറിയിച്ചു.

*****************************************

## സീനിയർ വോളിബോൾ

RNU TVPM

സംസ്ഥാന സീനിയർ പുരുഷ - വനിത വോളിബോൾ ചാമ്പ്യൻഷിപ്പിന് ഇന്ന് തിരൂർ രാജീവ് ഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിൽ തുടക്കമാകും. ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശവുമായി നടക്കുന്ന ചാമ്പ്യൻഷിപ്പ് വൈകിട്ട് ആറിന് കുറുക്കോളി മൊയ്തീൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും. 12 നാണ് ഫൈനൽ.

************************************************************************************************************